# സംസ്ഥാനവാർത്തകൾ

## എല്ലാവർക്കും വീട് പദ്ധതി സഫലമാകുന്നു; ഫ്ളാറ്റ് നിർമ്മാണം ആദ്യ വാർഷികത്തിന്

സംസ്ഥാന സർക്കാറിന്റെ അഭിമാന പദ്ധതി 'ലൈഫ് മിഷൻ' സഫലമാകുന്നു. എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തിനായി കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചാണ് മിഷൻ രൂപീകരിച്ചത്. ഇതുപ്രകാരം, ഭൂമിയുള്ളവർക്ക് വീടിനുള്ള ധനസഹായം നൽകിത്തുടങ്ങി. 14 ജില്ലകളിലെയും ഭൂരഹിതർക്കായി ഉദ്ദേശിക്കുന്ന കെട്ടിട സമുച്ചയങ്ങൾക്ക് സർക്കാറിന്റെ ആദ്യവാർഷികത്തിന് തന്നെ തറക്കല്ലിടും.പദ്ധതിയുടെ ഭാഗമായി 4000 വീടുകളുടെ നിർമ്മാണം ആരംഭിച്ചു. ഇവർക്കുള്ള ധനസഹായത്തിന്റെ ആദ്യഗഡു വിതരണം ചെയ്തു. കുടുംബശ്രീയാണ് നിർമ്മാണത്തിന് നേതൃത്വം കൊടുക്കുന്നത്. കേരളത്തിലെ 93 നഗരസഭകളിലായി 29000 വീടുകൾക്ക് പ്രധാനമന്ത്രി ആവാസ് യോജന അർബൻ പദ്ധതി പ്രകാരം അനുമതി കിട്ടിയിരുന്നു. ഇതിലുൾപ്പെട്ട വീടുകളുടെ നിർമ്മാണമാണ് തുടങ്ങിയത്.

**(മാ.,19/04)**

******

ക്കേ.കൗ